**C.K. MANISANKAR**
DEPUTY MAYOR
CORPORATION OF COCHIN

☎ Off : 2369007
Res : 2807999
Mob : 9447046762

Abhaya,
Deepam Road,
Ponnurunny,
Cochin - 19.

**12-01-2010**

**സുഹൃത്തേ,**

കഴിഞ്ഞ നാലു വർഷക്കാലത്തെ നഗരഭരണം മുന്നോട്ടുകൊണ്ടുപോകുന്നതിൽ താങ്കളും-താങ്കളുടെ പ്രസ്ഥാനവും നൽകിയ സഹായങ്ങൾക്കും, സഹകരണങ്ങൾക്കും നന്ദിരേഖപ്പെടുത്തുന്നു. 2005 ഒക്ടോബർ 2-ന് ചുമതലയേറ്റ ഞങ്ങളുടെ കൗൺസിലിന്റെ അവസാന ബഡ്ജറ്റാണ് ഇത്തവണ അവതരിപ്പിക്കുന്നത്. മുൻവർഷങ്ങളിൽ താങ്കളുടെ സംഘടന മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ പരമാവധി ബഡ്ജറ്റിൽ ഉൾപ്പെടുത്താനും-നടപ്പിലാക്കാനും പരിശ്രമിച്ചിട്ടുണ്ട്. നഗരസഭയുടേതല്ലാത്ത ജോലികൾ ചെയ്യണമെന്ന് റസല്യൂഷൻ വഴി ബന്ധപ്പെട്ട ഏജൻസികളോട് ആവശ്യപ്പെടുകയും ഫോളോഅപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ടെന്ന വിവരം അറിയിക്കുന്നു.

2010-2011 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് നിർദ്ദേശങ്ങൾ നൽകി സഹായിക്കണം. ചെറുതും വലുതുമായ പ്രോജക്ടുനിർദ്ദേശങ്ങൾക്കൊപ്പം വരുമാനവർദ്ധനവിനു കഴിയാവുന്ന നിർദ്ദേശങ്ങൾ നൽകിയും പ്രവർത്തികളുടെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിനുള്ള അഭിപ്രായങ്ങൾ അറിയിച്ചും താങ്കളും പ്രസ്ഥാനവും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. 2010 ജനുവരി 31-നകം താങ്കളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലഭിക്കുന്നത് ഫലപ്രദമായിരിക്കുമെന്ന് കരുതുന്നു.

വിശ്വസ്തതയോടെ

ഒപ്പ്

**സി. കെ മണിശങ്കർ**